# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4710** **19.05.2017-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണ സഹായ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം പുതിയ വീടുകൾക്കും, മുൻവർഷങ്ങളിലെ സ്പിൽ ഓവർ പ്രവൃത്തികൾക്കും, ഭവന പുനരുദ്ധാരണത്തിനുമായി വിവിധ പദ്ധതികളിലുൾപ്പെടുത്തി ആകെ 242,17,86,520/- രൂപയും 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ 115.08 കോടി രൂപയിൽ നിന്നും നാളിതുവരെയായി ടി പദ്ധതിക്കായി 22 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത വിഭാഗത്തിന്റെ വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിനുള്ള ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | ബി) | പട്ടികവർഗ്ഗക്കാർക്ക് മുമ്പ് അനുവദിച്ച് നൽകിയതും, പണി പൂർത്തിയാക്കി 6 വർഷം കഴിഞ്ഞ വീടുകളുടെ അറ്റകുറ്റപണി, നവീകരണം എന്നിവയ്ക്കും നിലവിൽ വാസയോഗ്യമല്ലാത്തതും ഭാഗീകമായി മാത്രം വാസയോഗ്യമായതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനുമായി നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ച് നൽകി വരുന്നു. നടപ്പ് സാമ്പത്തിക വർഷം മുതൽ ടി തുക ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ